"ഭരണഭാഷ-മാതൃഭാഷ"

No DWCD/5950/2025-ICDSA4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 14-11-2025

E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ല വനിതശിശുവികസനഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിത ശിശു വികസന വകുപ്പ് - ശുചിത്വ മിഷൻ കേരള - വകുപ്പിന്റെ ഓഫീസുകൾ ,സ്ഥാപനങ്ങൾ ,അങ്കണവാടികൾ - എന്നിവിടങ്ങളിൽ - "ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം നടപ്പാക്കൽ "- നിർദേശം നൽകുന്നത് -സംബന്ധിച്ച്:-

സൂചന:-
1. 02/11/2024 ലെ സ. ഉ (സാധാ) നം. 2088/ ത. സ്വ ഭ വ നമ്പർ സർക്കാർ ഉത്തരവ്.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20/09/2025 ചേർന്ന യോഗ തീരുമാനം.
3. കേരള ശുചിത്വ മിഷന്റെ 23/10/2025 ലെ SM/1387/ 2025-DEO-CS-part (2) നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ മാലിന്യമുക്തകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണവകുപ്പിന്റെയും ശുചിത്വമിഷന്റെയും മേൽ നോട്ടത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുവാനുള്ള പരിപാടികളുടെ ഭാഗമായി വനിത ശിശു വികസനവകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ശാസ്ത്രീയമാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കി വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ തുടർച്ചയായി ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥ വിലയിരുത്തൽ നടത്തി റേറ്റിംഗ് നടത്തുന്നതിനായി "GREEN LEAF RATING SYSTEM" എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനു സൂചനാ (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് .

പദ്ധതി നടത്തിപ്പ് സംബന്ധിച്ചു ചേർന്ന വിവിധ വകുപ്പ് മേധാവിമാരുടെ

യോഗത്തിന്റെ മിനിട്സ് സൂചന (2) പ്രകാരം ലഭ്യമായിട്ടുണ്ട്. ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റവുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ല തലങ്ങളിൽ നേതൃത്വം നൽകുന്നതിനായി അനുബന്ധ വകുപ്പുകൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിനും അവരുടെ പേര് വിവരങ്ങൾ LSGD യ്ക്കും ശുചിത്വ മിഷനും ലഭ്യമാക്കുന്നതിനും അതുപോലെ ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നടത്തുന്ന സംസ്ഥാനതല അവലോകനയോഗങ്ങളിൽ ശുചിത്വ മിഷൻ ഉദ്യോഗസ്ഥരെ കൂടി പങ്കെടുപ്പിച്ച് ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം സംബന്ധിച്ച അവതരണം നടത്തുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നു.

യോഗ തീരുമാനം അനുസരിച്ച് വനിതാ ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിലെ അസ്സിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ഷീബ എൽ .നെ സ്റ്റേറ്റ് നോഡൽ ഓഫീസറായും ജില്ലാ വനിത ശിശു വികസന ഓഫീസർമാരെ ജില്ലാ നോഡൽ ഓഫീസർമാരായും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

സൂചന (3) പ്രകാരം Green Leaf Rating സിസ്റ്റം സംബന്ധിച്ച് സംസ്ഥാന തല ഉത്ഘാടനവും സംസ്ഥാന - ജില്ലാതല നോഡൽ ഓഫീസർമാർക്കുള്ള പരിശീലനവും സംഘടിപ്പിച്ചിരുന്നു.

വകുപ്പിന് കീഴിൽ വരുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും ശാസ്ത്രീയമാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കി വൃത്തിയും ശുചിത്വവും ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഗ്രീൻ ലീഫ് റേറ്റിംഗ് സംവിധാനത്തിന്റെ ഭാഗമായി ശുചിത്വപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തത് സ്ഥിതി വിവരങ്ങൾ അറിയുന്നതിനുമായി ശുചിത്വ മിഷൻ നൽകുന്ന പോർട്ടലിൽ സമയബന്ധിതമായി അപ്ഡേഷനുകൾ വരുത്തേണ്ടതാണ്. അപ്രകാരം നൽകുന്ന അപ്ഡേഷനുകൾ അനുസരിച്ചാണ് സ്ഥാപനങ്ങൾക്ക് റേറ്റിംഗ് നൽകുന്നത്.

ഈ സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പിന് കീഴിൽ വരുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളിലും ഗ്രീൻ ലീഫ് റേറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനു ശുചിത്വമിഷൻ നൽകുന്ന മാർഗ്ഗ നിർദേശം അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള നിർദേശം കീഴ്കാര്യാലയ മേധാവികൾക്ക് നൽകുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള ശുചിത്വമിഷന്റെ എല്ലാ പ്രവർത്തനങ്ങളും മേൽനോട്ടം വഹിക്കുന്നതിനും ഏകോപന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിർദേശം നൽകുന്നു. എൽ .ജില്ലകളിൽ നടക്കുന്ന വകുപ്പിന്റെ എല്ലാ അവലോകന യോഗങ്ങളിലും ഇത് ഒരു അജണ്ട ആയിരിക്കേണ്ടതാണ് .

വിശ്വസ്തതയോടെ,

for വനിത ശിശു വികസന ഡയറക്ടർ